ഉത്തരം

(എ) 1.5.99 മുതൽ.

(ബി)&(സി) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

ഡിസ്പോസിബിൾ സിറിഞ്ചുകൾ വീണ്ടും ഉപയോഗിക്കുന്നതിനെതിരെ നടപടി

167(1655)ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ആശുപത്രികളിലും മെഡിക്കൽ സ്റ്റോറുകളിലും ഡിസ്പോസിബിൾ സിറിഞ്ചുകൾ കവറിലാക്കി വീണ്ടും എത്തുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ സിറിഞ്ചുകൾ ഉപയോഗിച്ചതിനുശേഷം വീണ്ടും ഉപയോഗിക്കുവാൻ പറ്റാത്ത രീതിയിൽ നശിപ്പിക്കുവാനുള്ള സംവിധാനം ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള സംവിധാനം എല്ലാ ആശുപത്രികളിലും എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഡിസ്പോസിബിൾ സിറിഞ്ചുകൾ ഉപയോഗിച്ചതിനുശേഷം 'ക്രഷർ' ഉപയോഗിച്ച് നശിപ്പിച്ചു കളയുവാനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും ഇതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക്കിന്റെ നിർമ്മാണവും ഉപയോഗവും

168 (1656)ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ നിർമ്മാണവും ഉപയോഗവും പൂർണ്ണമായും നിരോധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ മേഖലകളിലാണ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന് പുറത്ത് നിന്നും പ്ലാസ്റ്റിക് ബാഗുകളും മറ്റ് ഉല്പന്നങ്ങളും വൻതോതിൽ കൊണ്ടുവരുന്നത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്ലാസ്റ്റിക്കിന്റെ നിരോധനം സംബന്ധിച്ച് കേരള നിയമസഭയുടെ പരിസ്ഥിതി സമിതിയുടെ എന്തെങ്കിലും ശുപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ശുപാർശകളിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) കേന്ദ്ര സർക്കാർ പരിസ്ഥിതി നിയമത്തിൻ കീഴിൽ റീസൈക്കിൾസ് പ്ലാസ്റ്റിക് മാനുഫാക്ചർ ആന്റ് യൂസേജ് റൂൾസ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2.9.99 മുതൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും, കണ്ടെയിനറുകളുടെയും നിർമ്മാണം, ഉപയോഗം, ചംക്രമണം എന്നിവ നിയന്ത്രിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് പ്രസ്തുത നിയമം. ഇതിൻ പ്രകാരം 20 മൈക്രോണിൽ താഴെ കനമുള്ള ക്യാരിബാഗുകളുടെയും, കണ്ടെയിനറുകളുടെയും നിർമ്മാണം നിരോധിച്ചിരിക്കുന്നു. റീ സൈക്കിൾസ്, പ്ലാസ്റ്റിക്കിൽ നിന്ന് നിർമ്മിക്കുന്ന ക്യാരി ബാഗുകൾ, കണ്ടെയിനറുകൾ മുതലായവ ആഹാര സാധനങ്ങൾ വയ്ക്കാൻ ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു. തനതു പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന ക്യാരിബാഗുകളും കണ്ടെയിനറുകളും നിറം ചേർക്കാത്തവയോ വെളുത്തതോ ആയിരിക്കണം.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. എന്നാൽ നിബന്ധനകൾക്കനുസൃതമല്ലാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളും കണ്ടെയിനറുകളും ഇതര സംസ്ഥാനങ്ങളിൽനിന്നും ഇവിടെ കൊണ്ടുവന്ന് വിതരണം ചെയ്യുന്നത് തടയാൻ സെയിൽ ടാക്സ് വകുപ്പിന്റെ സംവിധാനം ഉപയോഗിക്കണമെന്ന് ഹൈക്കോടതിയിൽ നൽകിയ അഫ്ടവിറ്റിൽ മലിനീകരണ നിയന്ത്രണ ബോർഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ഡി)&(ഇ) ഉണ്ട്. നിയമസഭാ പരിസ്ഥിതി സമിതിയുടെ ശുപാർശകളുടെ അന്തസക്ത ബയോഡീഗ്രേഡിൽ അല്ലാത്ത പ്ലാസ്റ്റിക്കുകളുടെ ഉത്പാദനവും ഉപയോഗവും ഘട്ടം ഘട്ടമായി നിരോധിക്കണമെന്നും പ്ലാസ്റ്റിക്കിന്റെ അമിതോപയോഗത്തിനും തൻനിമിത്തമുള്ള മലിനീകരണത്തിനുമെതിരെ പ്രചരണം നടത്തണമെന്നും, നിയന്ത്രണങ്ങൾ ലംഘിക്കുന്നവരെ ശിക്ഷിക്കണമെന്നുമാണ്.

ചട്ടങ്ങൾ നടപ്പിലാക്കാൻ കേന്ദ്രസർക്കാരിന്റെ വിജ്ഞാപനം സഹായകരമാണ്. ചട്ടങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ക്യാരിബാഗുകളുടെയും മറ്റും നിർമ്മാതാക്കളുടെയും വ്യാപാരികളുടെയും പ്രതിനിധികളുമായി മലിനീകരണ നിയന്ത്രണബോർഡ് ചർച്ച നടത്തി. ക്യാരിബാഗുകളും കണ്ടെയിനറുകളും നിർമ്മിക്കുന്നവർ മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതിയ്ക്കായി അപേക്ഷിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ചട്ടപ്രകാരം നിർമ്മാണം നടത്തുന്നതിന് വേണ്ട നിബന്ധനകൾക്ക് വിധേയമായി മാത്രമേ ബോർഡ് അനുമതി നൽകുകയുള്ളൂ. ഇക്കാര്യത്തിൽ പൊതുജന ശ്രദ്ധ പതിയാനായി ബോർഡ് പരസ്യവും നല്കിയിട്ടുണ്ട്. ശബരിമലയിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് നിരോധിക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ശബരിമല ലയിൻ

LIBRARY ARCHIVES Kerala Legislative Assembly

പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് ശബരിമല സ്പെഷ്യൽ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിലും പരിസരത്തും ശുചിത്വപാലനത്തിന് നടപടി

169 (1657)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ തീരെ ശുചിത്വമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജ് പരിസരത്തുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലും സംസ്കരിക്കുന്നതിലും കാലതാമസം ഉണ്ടാകുന്നതുമൂലം വളരെ ദുർഗന്ധം ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം പല സാംക്രമിക രോഗങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിലും പരിസരത്തും ശുചിത്വം പാലിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രിയിൽ ശുചിത്വം സാമാന്യം തൃപ്തികരമാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ടെണ്ടർ നല്കിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച് മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

തിരുവനന്തപുരം ഹോമിയോ കോളേജിലെ വിദ്യാർത്ഥികൾക്കും കോഴിക്കോട് ഹോമിയോ കോളേജിൽ പഠിച്ച വർക്കൊപ്പം പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് അവസരം

170 (1658)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. സി. മൊയിൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ഹോമിയോ കോളേജുകളിൽ ബി.എച്ച്.എം.എസ്. 1993-99 ബാച്ചിന്റെ പഠനം തുടങ്ങിയത് എന്നായിരുന്നു;

(ബി) പ്രസ്തുത ബാച്ചുകളുടെ കോഴ്സ് പൂർത്തിയാക്കി പരീക്ഷ പാസ്സായവർക്ക് ഇന്റേൺഷിപ്പ് ഒരേ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly